**ഭരണഭാഷ മാതൃഭാഷ**

**ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം - തിരുവനന്തപുരം -സാങ്കേതിക വിഭാഗം -മലപ്പുറം ജില്ല- തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, എളങ്കൂർ വില്ലേജ് - ക്രഷർ കം. എം.സാന്റ് യൂണിറ്റ് - കെട്ടിട നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :-
1. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/12/2018 ലെ എ 3/5892/18 നമ്പർ കത്ത്.
2. മലപ്പുറം നഗരാസൂത്രകന്റെ 29/12/2018 ലെ എ 3/2492/2018 നമ്പർ കത്ത്.

=

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ TCPCTP/21/2019/C1** **തീയതി : 06/03/2019**

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എളങ്കൂർ വില്ലേജിൽ റീ സർവ്വേ നമ്പർ: BL64 R.Sy.No:397 ൽ പ്പെട്ട 5.7578 ഹെക്ടർ സ്ഥലത്ത് ക്രഷർ കം എം.സാന്റ് യൂണിറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. അലി ബാവഹാജി മുതൽ പേരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും , വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും , .സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു

**നിബന്ധനകൾ:-**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.-2011-ലെ ചട്ടം-11 പ്രകാരം സ്ഥലത്തിന്റെ, ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. ചട്ടം 61(6) പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് എൻ.ഒ.സി

പെർമ്മിറ്റ് നൽകുന്നതിനുമുൻപ് ഹാജരാകേണ്ടതാണ്.

8. ചട്ടം 61(17) പ്രകാരം recycling & reusing waste water ന് വേണ്ടി പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടതാണ്.
9. ചട്ടം 61(7) കെട്ടിടങ്ങളിലെ അഗ്നി സുരക്ഷ 2005 ലെ National Building Code of India ഭാഗം 4 ലെ അഗ്നി സുരക്ഷക്കും ജീവരക്ഷയുടേയും 3-ആം നമ്പർ ഭേദഗതിക്കും അനുസൃതമായിരിക്കണം.
10. ചട്ടം 61(16) പ്രകാരം ദ്രവമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
11. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം മൂലം തൊട്ടടുത്ത പ്ലോട്ടിലേക്കും സമീപ പ്രദേശങ്ങളിലേയ്ക്കും പൊടിശല്യം ഉണ്ടാവില്ലെന്നും ആയത് ക്രമീകരിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 14/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 033 തിരുവനന്തപുരം

ഗിരിജ.കെ.എസ്
ചീഫ് ടൗൺ പ്ലാനർ

സ്വീകർത്താവ്
സെക്രട്ടറി,
തൃക്കലങ്ങോട് പഞ്ചായത്ത്, മലപ്പുറം.

പകർപ്പ്

1. ഡയറക്ടർ, മഞ്ചേരി ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ആന്റ് ഡവലപ്പേഴ്സ് (പി) ലിമിറ്റഡ്,ചെറുകുളം തോഡ്, കൊയിലാണ്ടി, എളങ്കൂർ P.O, മലപ്പുറം.
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ
5. ഫയൽ.